Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്ത് - 2007-08 - ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.2-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ. (സാധാ) നം. 2311/14/തസ്വഭവ.    തിരുവനന്തപുരം, തീയതി: 03/09/2014

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 01/04/2014-ലെ എം3-11757/14-ാം നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 08/07/2014-ലെ LF/PT1/7041/14-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം വാർഷിക ധനകാര്യ പത്രികകൾ ഏകകാല നടപടിയിലൂടെ തയ്യാറാക്കുന്നതിന് സർക്കാർ ഉത്തരവ് ലംഘിച്ച് 10,000/- രൂപ അധികംചെലവു ചെയ്ത പഞ്ചായത്ത് നടപടി ആഡിറ്റ് നിരാകരിക്കുകയും അധികച്ചെലവ് ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

കുടിശ്ശികയായി ഉണ്ടായിരുന്ന 1997-98, 1998-99, 2004-05, 2005-06, 2006-07 എന്നീ ആറു വർഷത്തെ വാർഷിക കണക്കുകൾ തീർത്ത് വാർഷിക കണക്കുകൾ കാലികപ്പെടുത്തുക എന്ന സദുദ്ദേശത്തോടെയാണ് പഞ്ചായത്ത് കമ്മിറ്റിയുടെ IX-ാം തീരുമാന പ്രകാരം ടി ചെലവ് നടത്തുവാൻ സെക്രട്ടറിയ്ക്ക് അനുമതി നൽകിയത് എന്നും പ്രസ്തുത വർഷങ്ങളിലെ വാർഷിക കണക്കുകൾ തയ്യാറാക്കി ആഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതാണ് എന്നും വ്യക്തമാക്കി ടി ചെലവിന് സാധൂകരണം നൽകണമെന്ന് ആവശ്യപ്പെട്ട് 30/11/2013-ലെ I(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് ശുപാർശ തീരുമാനം എന്നിവ സഹിതം പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ടി ചെലവിന് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിൽ 2007-08 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം വാർഷിക ധനകാര്യ പത്രികകൾ ഏകകാല നടപടിയിലൂടെ തയ്യാറാക്കുന്നതിന് 10,000/- (പതിനായിരം രൂപ മാത്രം) അധികരിച്ച് ചെലവു ചെയ്ത പഞ്ചായത്ത് നടപടിക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി.എം. സി,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി പാമ്പാടി ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ